ഉത്തരം

(എ&ബി) ചെല്ലാനം പഞ്ചായത്തിലെ പൊതുശ്മശാനം കാലപ്പഴക്കം കൊണ്ട് ഉപയോഗിക്കുവാൻ പറ്റാത്ത അവസ്ഥയിലാണ്. ആയത് പുനരുദ്ധരിക്കുന്നതിന് 2010-2011 വർഷം 5,00,000(അഞ്ചു ലക്ഷം) രൂപയുടെ പ്രോജക്ടിന് പഞ്ചായത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ട്.

പി.എം.ജി.എസ്.വൈ. പദ്ധതി

116 (4739) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എം. ജി. എസ്. വൈ. പദ്ധതിയിൻകീഴിൽ കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ എത്ര പ്രോജക്റ്റുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അവയുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്നറിയിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം 2006-07 സാമ്പത്തിക വർഷം 322 റോഡുകൾക്ക് കേന്ദ്ര സർക്കാർ അനുമതി നൽകി. 2008-09 സാമ്പത്തിക വർഷം 1155 കി.മീ. ദൈർഘ്യം വരുന്ന 420 റോഡുകൾക്ക് കേന്ദ്ര സർക്കാരിന്റെ എംപവേർഡ് കമ്മിറ്റി അംഗീകാരം നൽകുവാനായി ശുപാർശ ചെയ്തതിൽ 533 കി.മീ. ദൈർഘ്യം വരുന്ന 200 റോഡുകൾക്ക് അനുമതി ലഭിച്ചു. ബാക്കി 220 പ്രവർത്തികളുടെ അംഗീകാരം കേന്ദ്ര സർക്കാരിൽനിന്നും പ്രതീക്ഷിക്കുന്നു.

(ബി) ഇവയുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ട്.

കേന്ദ്ര എംപവേർഡ് കമ്മിറ്റിയുടെ ശുപാർശക്ക് വിധേയമായി 1155 കി.മീ ദൈർഘ്യം വരുന്ന 420 റോഡുകളും ടെണ്ടർ ചെയ്യുവാനും അതിൽ നിന്നും ആദ്യം ലഭിക്കുന്ന 533 കി.മീ. ദൈർഘ്യം വരുന്ന റോഡുകൾക്ക് കരാർ ഉറപ്പിക്കുവാനും സംസ്ഥാന സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകി. അതിലൂടെ 524.436 കി.മീ. ദൈർഘ്യം വരുന്ന 162 പ്രവർത്തികളുടെ കരാർ ഉറപ്പിച്ചിട്ടുള്ളതുമാണ്. ഇവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly